**2020 നവംബർ 5 ന് വൈകിട്ട് 3.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവർകളുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന അഞ്ചാമത് കില ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്**

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

| | | | |
|---|---|---|---|
| 1. | ശ്രീ. എ. സി.മൊയ്തീൻ<br>ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | : | ചെയർപേഴ്സൺ |
| 2. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ് | : | കൺവീനർ |
| 3. | ശ്രീ. എൻ പത്മകുമാർ IAS<br>പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് | | മെമ്പർ |
| 4. | ഡോ. പി.കെ ജയശ്രീ IAS<br>തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (Rural) | | മെമ്പർ |
| 5. | ശ്രീ. എച്ച്.കെ. സോളങ്കി<br>(NIRD&PR നിന്നുള്ള പ്രതിനിധി)<br>സീനിയർ അസിസ്റ്റന്റ് പ്രൊഫസർ<br>NIRD&PR, ഹൈദരാബാദ് | | മെമ്പർ |
| 6. | ശ്രീ.അനിൽ കുമാർ എസ്<br>(ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി)<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | : | മെമ്പർ |
| 7. | ശ്രീമതി. ഷൈനി ജോർജ്ജ്<br>(പ്ലാനിംഗ് ആൻറ് ഇക്കണോമിക്സ് അഫയേഴ്സ് സെക്രട്ടറിയുടെ പ്രതിനിധി)<br>അഡീഷണൽ സെക്രട്ടറി,<br>പ്ലാനിംഗ് ആൻറ് ഇക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | : | മെമ്പർ |
| 8. | ശ്രീ.ബി.കെ ബൽരാജ്<br>ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)<br>(തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ(Urban) പ്രതിനിധി) | : | മെമ്പർ |
| 9. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | മെമ്പർ |
| 10. | ശ്രീ. അനിൽ അക്കര,<br>ബഹു.എം.എൽ.എ, വടക്കാഞ്ചേരി നിയമസഭാ മണ്ഡലം | | മെമ്പർ |
| 11. | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>പ്രസിഡണ്ട്, Mayors Council | | മെമ്പർ |
| 12. | ശ്രീ. വി. കെ. മധു<br>പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് ചേമ്പർ | | മെമ്പർ |
| 13. | ശ്രീ. ആർ സുഭാഷ്, പ്രസിഡണ്ട്,<br>കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ | | മെമ്പർ |
| 14. | അഡ്വ. തുളസീഭായ്, പ്രസിഡണ്ട്,<br>കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ | | മെമ്പർ |
| 15. | ശ്രീമതി. ഐഷ പോറ്റി, ബഹു.എം.എൽ.എ,<br>കൊട്ടാരക്കര നിയമസഭാ മണ്ഡലം | : | (Special Invitee) |

**കുറിപ്പ്** : *17/07/2020 തീയതിയിലെ സ.ഉ.(കൈ) നം.106/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയക്ടർ, നഗരകാര്യവകുപ്പ് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ തസ്തികകൾ പുനർനാമകരണം ചെയ്തത് പ്രകാരമാണ് ഹാജർ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്*

**ഐറ്റം നമ്പർ : 1**

**23.07.2020 തീയതിയിലെ നാലാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

23.07.2020 ന് ചേർന്ന ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം -I)**

**തീരുമാനം**

23.07.2020 തീയതിയിലെ നാലാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

**വിയോജനക്കുറിപ്പ് :** മുൻ യോഗങ്ങളുടെ തീരുമാനപ്രകാരമുള്ള നടപടി റിപ്പോർട്ടുകളിന്മേൽ ബഹു. എം.എൽ എ ശ്രീ അനിൽ അക്കരയുടെ 23.07.2020 ലെ വിയോജനക്കുറിപ്പ് പ്രകാരം '27/08/2019 തീയതിയിലെ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനം ഐറ്റം നമ്പർ : 05 കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത് സംബന്ധിച്ച് എടുത്ത തീരുമാനങ്ങളിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ തീരുമാനിച്ചു'

<u>ഐറ്റം നമ്പർ: 2</u>

**മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 4TH GOVERNING COUNCIL HELD ON 23/07/2020 | |
|---|---|
| **Governing Council Decision** | **Action Taken** |
| **<u>sFäw \¼À : 1</u>**<br>27.08.2019-**ലെ മൂന്നാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**<br>തീരുമാനം: മിനിറ്റ്സ് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| **<u>ഐറ്റം നമ്പർ : 2</u>**<br>27.08.2019ന് ചേർന്ന മൂന്നാമത് ഗവേർണിംഗ് കൗൺസിൽ മുൻ യോഗതീരുമാനങ്ങളിലെടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.<br><br>**1)** കിലയിലെ നിയമനങ്ങൾ പൂർണ്ണമായും **PSC** ക്ക് വിടണമെന്ന് ബഹു. വടക്കാഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ അഭിപ്രായപ്പെടുകയുണ്ടായി<br>**2)** കിലയിലെ സ്ഥിര നിയമനങ്ങൾ **PSC** ക്കും താൽക്കാലിക നിയമനങ്ങൾ **Employment Exchange** മുഖേന നടത്തണമെന്ന നിർദ്ദേശം ബഹു. ആലത്തൂർ ലോകസഭാമണ്ഡലം എം.പി. മുന്നോട്ടുവെക്കുകയുണ്ടായി<br>**3)** ബഹു. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ട് സംയോജിത കിലയുടെ നിയമാവലി (**Bye Law)**യും പൂർത്തീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു. അതോടൊപ്പം പൊതുവേ കിലയിലെ നിയമനങ്ങൾ **PSC** ക്ക് വിടണമെന്നും എന്നാൽ സർക്കാർ തീരുമാനം വരും വരെ ഇപ്പോൾ നടന്നു വരുന്ന രീതിയിൽ തുടരണമെന്നും അഭിപ്രായപ്പെട്ടു.<br>**4)** കിലയിലെ തസ്തികകൾ കിലയുടെ ബൈലോ പ്രകാരം ആകണമെന്ന് ബഹു. വടക്കാഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ അഭിപ്രായപ്പെടുകയുണ്ടായി.<br>**5)** കൊട്ടാരക്കര കേന്ദ്രം കിലയുടെ ഭാഗമായതിനാൽ സ്ഥലം എം.പി. ക്കും അംഗത്വം നൽകണമെന്ന് ബഹു. വടക്കാഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ അഭിപ്രായപ്പെടുകയുണ്ടായി.<br>**6)** അസിസ്റ്റന്റ്, **UD** അക്കൌണ്ടന്റ് കം കാഷ്യർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ | |

| | |
|---|---|
| തസ്തികകളിൽ ഇന്റർവ്യൂ 25 ജൂലൈ 2020 ന് നടക്കുകയാണ് എന്ന വിവരം ഡയറക്ടർ ജനറൽ അറിയിച്ചു<br>**7)** കിലയിലെ കോർഫാക്കൽറ്റി തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) നു വേണ്ടി 11 ജൂലായ് 2020 ന് ഇന്റർവ്യൂ നടത്തുകയും യോഗ്യനായ ഉദ്യോഗാർത്ഥിയെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ഡയറക്ടർ ജനറൽ അറിയിച്ചു<br>**8)** കിലയിലെ വിവിധ കേന്ദ്രങ്ങളിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളണമെന്നു ബഹു. കൊട്ടാരക്കര നിയോജകമണ്ഡലം എം.എൽ.എ അഭിപ്രായപ്പെടുകയുണ്ടായി.<br>**9)** **KIIFB** പ്രോജക്ടിന്റെ നടത്തിപ്പ് കിലയെ ചുമതലപ്പെടുത്തിയതിന് ശേഷം നല്ല പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തി. എന്നാൽ എത്രയും വേഗത്തിൽ പണികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചു.<br><br>**തീരുമാനം** :<br><br>**1)** സംയോജിത കിലയുടെ നിയമാവലി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു. കിലയിലെയും മുൻ എസ്.ഐ.ആർ.ഡിയിലെയും നിയമാവലികളിൽ ഉൾപ്പെടുത്തേണ്ടിയിരുന്നവ കൂടി പരിഗണിച്ചു ഇത് പൂർത്തിയാക്കണം. ഇതിനായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>**2)** കിലയിലെ നിലവിലെ നിയമനങ്ങൾ സർക്കാരിന്റെയും കില ഗവേർണിംഗ് കൗൺസിലിന്റെയും തീരുമാനങ്ങൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചു. എന്നാൽ കിലയിലെ നിയമനങ്ങൾ **PSC** ക്ക് വിടുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറക്ക് അതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കാവുന്നതാണെന്നും അതുവരെ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള രീതിയിൽ തുടരേണ്ടതാണെന്നും തീരുമാനിച്ചു. | തീരുമാനപ്രകാരം സംയോജിത കിലയുടെ നിയമാവലി പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. . |

| | |
|---|---|
| **ഐറ്റം നമ്പർ : 03**<br><br>**ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്**<br>തീരുമാനം :<br><br>2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് **M/s. SKV Associates, Chartered Accountant, Thrissur** എന്ന സ്ഥാപനത്തെ നിലവിലുള്ള 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ തന്നെ നിയമിക്കാനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറലുടെ നടപടി അംഗീകരിച്ചു. | തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തി തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടും ശുപാർശയോടെയും **05/11/2020 തീയതിയിൽ ചേരുന്ന ഗവേണിംഗ് കൌൺസിൽ മുമ്പാകെ അജണ്ട ഐറ്റം നം.3 ആയി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.** |
| **ഐറ്റം നമ്പർ : 04**<br><br>**2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്– സംബന്ധിച്ച്**<br><br>തീരുമാനം:<br><br>**1)** 2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് വിശദമായി ചർച്ച് ചെയ്ത് അംഗീകരിച്ചു.<br>**2)** കില-സിഎച്ച്ആർഡിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് :<br>**i.** കില-സിഎച്ച്ആർഡി കൊട്ടാരക്കരക്ക് മൊത്തം ചെലവിന്റെ (കോർ ഫാക്കൽറ്റികളുടെ ശമ്പളം കൂടാതെ) **50%** വിഹിതം സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാവുന്നതാണ്.<br>**ii.** കേന്ദ്ര സർക്കാരിന്റെ 2017 ലെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പരിശീലന ചെലവുകളുടെ 50**%**വും 7 കോർ ഫാക്കൽറ്റികളുടെ ശമ്പളവും മറ്റനുബന്ധചെലവുകളും കേന്ദ്ര വിഹിതമായി പൂർണ്ണമായും ലഭ്യമാകും. എന്നാൽ **Non - Teaching Staff** ന്റെ ശമ്പളവും മറ്റനുബന്ധ ചെലവുകൾക്കായി 25 ലക്ഷം രൂപ മാത്രമാണ് | തീരുമാന പ്രകാരം ചെലവുകൾക്ക് അനുവദിക്കുന്ന തുക പരിമിതപ്പെടുത്തിയത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം |

| | |
|---|---|
| അനുവദനീയമായിട്ടുള്ളത്.<br><br>ഇത്തരത്തിൽ ചെലവുകൾക്ക് അനുവദിക്കുന്ന തുക പരിമിതപ്പെടുത്തിയത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാർ മുഖാന്തിരം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് തീരുമാനിച്ചു. | സംസ്ഥാന സർക്കാർ മുഖാന്തിരം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനായുള്ള അപേക്ഷ സംസ്ഥാന സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് |
| **ഐറ്റം നമ്പർ : 05**<br>**കിലയുടെ പ്രവർത്തന സംക്ഷിപ്ത റിപ്പോർട്ട് - 2019-20**<br>തീരുമാനം:<br>**2019-20** സാമ്പത്തിക വർഷത്തിൽ കില നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ : 06**<br><br>**കില 2020-21 നടപ്പാക്കുന്ന പരിപാടികൾ**<br><br>**1) കോവിഡ്- 19 കാലഘട്ടത്തിലെ കില പ്രവർത്തനങ്ങൾ**<br>**2) കില നടപ്പാക്കുന്ന ഓൺലൈൻ കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ**<br><br>തീരുമാനം:<br><br>1) കോവിഡ്- 19 മഹാമാരിയുമായി ബന്ധപ്പെട്ട് കില നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ് എന്ന് ഗവേർണിംഗ് കൌൺസിൽ അഭിപ്രായപ്പെട്ടു.<br>2) കില നടപ്പാക്കുന്ന ഓൺലൈൻ കോഴ്സുകളിൽ ഗവേർണിംഗ് കൌൺസിൽ സംതൃപ്തി രേഖപ്പെടുത്തി.<br>3) കില ക്യാമ്പസുകളിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടന്നു വരുന്ന കാർഷിക പ്രവർത്തനങ്ങളിൽ ഗവേർണിംഗ് കൌൺസിൽ സംതൃപ്തി രേഖപ്പെടുത്തി.<br>4) കിലയുടെ വിവിധ പ്രവർത്തനങ്ങളിൽ പഞ്ചായത്തി രാജ് മന്ത്രാലയം പ്രതിനിധി സംതൃപ്തി രേഖപ്പെടുത്തി. കില പഞ്ചായത്തിരാജ് മന്ത്രാലയത്തിന് വേണ്ടി ജില്ലാ പദ്ധതി സംബന്ധിച്ച് നടത്തിയ പഠനത്തിനു അദ്ദേഹം അഭിനന്ദനം അറിയിച്ചു.കണക്കുകൾ PFMS ലേക്ക് | നൂറ് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം **36** ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുകയും ആയതിലേക്ക് 26676 പേർ എൻറോൾ ചെയ്തിട്ടുണ്ട്. 14985 പേർ കോഴ്സ് വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. |

| | |
|---|---|
| മാറ്റേണ്ടതിന്റെയും പഞ്ചായത്ത് പദ്ധതികൾ ഓൺലൈൻ ആക്കേണ്ടതിന്റെയും ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി.<br>5) കോവിഡ് കാലത്തും അതിനു മുൻപും കില നടത്തിയ പ്രവർത്തനങ്ങളിൽ എൻ.ഐ.ആർ.ഡി. പ്രതിനിധി സംതൃപ്തി രേഖപ്പെടുത്തി. എസ്. ഐ. ആർ. ഡി. പ്രവർത്തനങ്ങളിൽ പുതിയ മാനദണ്ഡങ്ങൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കില ഡയറക്ടർ ജനറൽ സമർപ്പിച്ച കുറിപ്പ് ലഭിച്ചിട്ടുണ്ടെന്നും അത് പരിഗണനയിലാണെന്നും അദ്ദേഹം അറിയിച്ചു. അതോടൊപ്പം കോർ ഫാക്കൽറ്റി പൊസിഷനുകളിൽ സ്ഥിരമായി നിയമനം നടത്തണമെന്ന നിർദ്ദേശം പാലിക്കണമെന്നും മൂന്നു വർഷമാണ് അതിനു നൽകിയിട്ടുള്ളതെന്നും ആയതിന്റെ സമയം അടുത്തു വരികയാണെന്നും ഓർമ്മിപ്പിച്ചു. | |

| ACTION TAKEN REPORT ON THE DECISION OF THE 3RD GOVERNING COUNCIL HELD ON 27/08/2019 | |
|---|---|
| **Governing Council Decision** | **Action Taken** |
| **ഐറ്റം നമ്പർ : 05**<br>**കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത് സംബന്ധിച്ച്**<br>**തീരുമാനം:**<br>1) കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.<br>2) അർബൻ ചെയറിന്റെ തസ്തികകൾ സ്ഥിരം തസ്തികകൾ ആക്കുന്നതിന് തീരുമാനിച്ചു. സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അംഗീകാരത്തിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു. | തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 26/06/2020 തീയതിയിലെ സർക്കാർ ഉത്തരവ് നം.ജി.ഒ(എംഎസ്)/101/2020/തസ്വഭവ പ്രകാരം Urban Chair (1), Senior Urban Fellow (1), Urban Fellow (1) എന്നീ 3 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. തുടർ ഉത്തരവുകളും ലഭ്യമായിട്ടുണ്ട്. |
| 3) പ്രൊപ്പോസലിൽ പരാമർശിച്ച തുക കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ലഭിക്കുന്നതിന് സർക്കാരിന്റെ ഉത്തരവ് ആവശ്യമായതിനാൽ ടി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. | 31/03/2020 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാധാ) 723/2020/തസ്വഭവ പ്രകാരം കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള ഫണ്ട് കിലക്ക് ലഭ്യക്കുന്നതിനുള്ള അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ടി തുക കിലയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നതിലേക്കായി 24/04/2020 ന് കില/2019/101/5292/HQ കത്ത് മുഖാന്തിരം നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് 4 ലക്ഷം |

| | |
|---|---|
| | രൂപയാണ് ( 3 ലക്ഷം - മഞ്ചേരി മുൻസിപ്പാലിറ്റി, 1 ലക്ഷം - താനൂർ മുനിസിപ്പാലിറ്റി) 30-09-2020 വരെ ലഭ്യമായിട്ടുള്ളത്.<br><br>**ആകെ 235 ലക്ഷം രൂപയാണ് ലഭ്യമാകേണ്ടത്.** (കോർപ്പറേഷൻ -30 ലക്ഷം (500000*6 ) മുനിസിപ്പാലിറ്റി-177 ലക്ഷം (3,00,000*59) പുതിയ മുനിസിപ്പാലിറ്റി- 28 ലക്ഷം (1,00,000*28)) |
| **ഐറ്റം നമ്പർ : 07**<br><br>**കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത്- സംബന്ധിച്ച്**<br>**തീരുമാനം:**കിലയിലെ ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചു. | കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള അനുമതിക്കായി 09/10/2019 തീയതിയിലെ 2019/101/4081/HQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| **ഐറ്റം നമ്പർ : 08**<br>**കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി) തസ്തികകളിലെ നിയമനം സംബന്ധിച്ച്**<br>**തീരുമാനം:** കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി) തസ്തികകളിലെ നിയമനം സംബന്ധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശകൾ വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിച്ച തസ്തികകളിൽ നിയമനം നടത്തുവാനും തീരുമാനിച്ചു.<br>1. അസിസ്റ്റന്റ്, UD അക്കൌണ്ടന്റ് കം കാഷ്യർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഹോസ്റ്റൽ മാനേജർ എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യത ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമായി നിജപ്പെടുത്തി. കമ്പ്യൂട്ടർ പരിജ്ഞാനം സംബന്ധിച്ച വിശദാംശങ്ങൾ തീരുമാനിക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുവാൻ തീരുമാനിച്ചു. ആദ്യപടിയായി നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിലും വിവിധ ബോർഡുകൾ, | തീരുമാനപ്രകാരം സ്ഥിരം തസ്തികകളിലേക്ക് അപേക്ഷ നൽകുന്നതിനായുള്ള താൽപ്പര്യപത്രം പത്രങ്ങളിലും കില വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 25.07.2020-ൽ ഇൻറർവ്യൂ നടത്തുകയും ചെയ്തു.<br><br>(1) അസിസ്റ്റന്റ് -3 Nos (അസിസ്റ്റന്റ്-2 & അസിസ്റ്റന്റ് സീനിയർ ഗ്രേഡ്-1) |

| | |
|---|---|
| കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരിൽ തല്പര്യമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് നിയമന നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ പ്രക്രിയയിൽ നിന്ന് ലഭ്യമാകുന്നില്ലെങ്കിൽ കിലയിലെ നിയമാവലി പ്രകാരം നിയമനം നടത്തുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി<br>2. ടൈപ്പിസ്റ്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, വാച്ചമാൻ, മറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ (പാർട്ട് ടൈം സ്വീപ്പർ ഒഴികെ) അടിസ്ഥാന യോഗ്യത പ്ലസ് ടു, ബന്ധപ്പെട്ട മേഖലയിലെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/ലൈസൻസ് എന്നിങ്ങനെ ആക്കി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു | (2) അക്കൗണ്ടന്റ് കം കാഷ്യർ - 1 No.<br>(3) പി.എസ്സ്.ടു ഡയറക്ടർ -1 No<br>(4) ഹോസ്റ്റൽ മാനേജർ -1 No<br><br>നിശ്ചിത തീയ്യതിക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 25.07.2020-ൽ ഇൻറർവ്യൂ നടത്തുകയും താഴെപ്പറയുന്ന തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമന ഉത്തരവ് നൽകിയതിനെ തുടർന്ന് താഴെപ്പറയുന്നവർ ജോലിയിൽ പ്രവേശിച്ചു<br>**അസിസ്റ്റന്റ്** തസ്തികയിൽ 11.09.2020-ന് ശ്രീ.ജിജിലേഷ്.ടി. ജോലിയിൽ പ്രവേശിച്ചു<br><br>**അക്കൗണ്ടന്റ് കം കാഷ്യർ** തസ്തികയിൽ 16.09.2020-ന് ശ്രീ.ഷിജി. കെ.എൽ ജോലിയിൽ പ്രവേശിച്ചു<br><br>അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ,പി.എസ്സ്.ടു ഡയറക്ടർ, ഹോസ്റ്റൽ മാനേജർ തസ്തികകളിൽ നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നില്ല. നിർദ്ദേശാനുസരണം തസ്തികകളുടെ യോഗ്യത പുതുക്കി നിശ്ചയിച്ചു.ആയതു പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **ഐറ്റം നമ്പർ : 09**<br>**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിനായി കിലയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച്**<br>**തീരുമാനം :** പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിനായി കിലയെ **SPV** ആയി ചുമതലപ്പെടുത്തിയതു പ്രകാരം പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകി. | തീരുമാന പ്രകാരം PMU രൂപീകരിച്ച് പദ്ധതി നടപടികൾ ആരംഭിച്ചത് സംബന്ധിച്ച വിശദാംശം **05/11/2020 തീയതിയിൽ ചേരുന്ന ഗവേണിംഗ് കൌൺസിൽ മുമ്പാകെ അജണ്ട ഐറ്റം നം.4 ആയി അറിവിലേക്കായി സമർപ്പിച്ചിട്ടുണ്ട് .** |

| | |
|---|---|
| **ഐറ്റം നമ്പർ : 10**<br>കില-കൊട്ടാരക്കര- വനിതകൾക്ക് വേണ്ടിയുളള ഹോസ്റ്റൽ നിർമ്മാണം<br>**തീരുമാനം :**<br>1. കില-കൊട്ടാരക്കര സെന്ററിൽ വനിതകൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.<br>2. നിർമ്മാണാവശ്യത്തിനുള്ള തുക ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുവാൻ തീരുമാനിച്ചു ആയതിലേക്ക് .ആവശ്യമായ ഉത്തരവിനായി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. | 1. കെട്ടിടം പണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി. Structural design, soil test എന്നിവക്കായി ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിനെ സമീപിച്ചിട്ടുണ്ട്. Estimate, തുടങ്ങിയ കാര്യങ്ങൾക്കായി LSGD എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്.<br>2. തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ ഉത്തരവ് പ്രകാരം കില കൊട്ടാരക്കര സിഎച്ച്ആർഡി യിൽ കിലയുടെ അധീനതയിലുള്ള ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപ വീതം കിലക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിനെ തുടർന്ന് 39 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 1,13,87,020 രൂപ 30-09-2020 വരെ കിലയിൽ ലഭ്യമായിട്ടുണ്ട്. 3,42,12,980 രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഇനിയും കിലക്ക് ലഭ്യമാവേണ്ടതുണ്ട്. |
| **ഐറ്റം നമ്പർ : 11**<br>**ഇതരവിഷയങ്ങൾ**<br>**തീരുമാനങ്ങൾ** | |
| എം.എൽ.എ മാർക്കുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു . | പ്രാരംഭ നടപടികൾ നടന്ന് വരുന്നു. തിരഞ്ഞെടുപ്പിന്റെ സാഹചര്യത്തിൽ പുതിയ ജനപ്രതിനിധികൾക്കായി ഇത് നടത്താൻ സാധിക്കും. |

| **അഡീഷനൽ അജണ്ട** | |
|---|---|
| **ഐറ്റം നമ്പർ** 2<br>**അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) സ്ഥിരനിയമനം സംബന്ധിച്ച്**<br>**തീരുമാനം:**<br>കിലയിലെ കോർഫാക്കൽറ്റി തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) തസ്തികയുടെ യോഗ്യതയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും പരസ്യം ചെയ്ത് സ്ഥിരനിയമനം നടത്തുവാൻ ഗവേണിംഗ് കൗൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാനപ്രകാരം നടപടികൾ പൂർത്തീകരിച്ച് ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഡോ. മോനിഷ് ജോസ്, ചാലക്കൽ ഹൌസ്, കോഞ്ചേരി റോഡ് പി.ഒ, തൃശ്ശൂർ ന് നിയമന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 28/07/2020 ന് കിലയിൽ അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു |

**തീരുമാനം**

മുൻ ഗവേണിംഗ് കൌൺസിൽ യോഗങ്ങളിലെടുത്ത നടപടി സംബന്ധിച്ച നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.

കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി സൃഷ്ടിച്ച Urban Chair Professor, Senior Urban Fellow, Urban Fellow എന്നീ 3 സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായതിനെ തുടർന്ന് 31/07/2020 തീയതിയിലെ സർക്കാർ ഉത്തരവ് നം.ജി.ഒ(എംഎസ്)/115/2020/തസ്വഭവ പ്രകാരം ടി തസ്തികകൾ കിലയുടെ സർവ്വീസ് ബൈലോയിൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കില സർവ്വീസ് ബൈലോയിൽ 3 സ്ഥിരം തസ്തികകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബൈലോ ഭേദഗതി ചെയ്ത് അംഗീകരിച്ചു

**ഐറ്റം നമ്പർ : 3**

**ഓഡിറ്റ് റിപ്പോർട്ട്: 2019-20 അംഗീകരിക്കുന്നത് സംബന്ധിച്ച്**

23/7/2020 ലെ ഗവേണിംഗ് കൗൺസിലിന്റെ അനുമതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ **M/s SKV Associates, Chartered Accountants, Thrissur** എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ടൻറ്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്പ്റ്റ്സ് ആന്റ് പേയ്മെൻറ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ 12/10/2020 തീയതി ഒപ്പുവെച്ച് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്കായി ധനകാര്യവകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും 14/10/2020 തീയതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

1) ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ആയതിന്റെ വിശദമായ റിപ്പോർട്ട് സഹിതം ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.
2) കിലയുടെ 2019-20 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച ഒരു പവർ പോയിന്റ് തയ്യാറാക്കി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നതും ഓഡിറ്റർ സന്നിഹിതനായിരിക്കുന്നതും ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെട്ടു.
3) 2009-10 സാമ്പത്തിക വർഷം വരെ സർക്കാർ ധനസഹായം ധനവകുപ്പിൽ നിന്ന് നേരിട്ട് കിലക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ 2010-11 സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരമാണ് ധനസഹായം കിലക്ക് ലഭ്യമാക്കുന്നത്. ധനസഹായം കിലക്ക് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ധനവകുപ്പിൽ നിന്ന് നേരിട്ട് തുക കില ഡയറക്ടർ ജനറലുടെ ട്രഷറി അക്കൌണ്ടിലെക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. ധനവകുപ്പുമായി ബന്ധപ്പെട്ട് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.
4) സർക്കാരിൽ നിന്നുള്ള ധനസഹായം അതാത് സാമ്പത്തിക വർഷത്തിൽ തന്നെ ലഭിക്കുന്നതിനാവശ്യമായ സഹായം ധനകാര്യ വകുപ്പ് പ്രതിനിധിയുടെ സഹായത്താൽ നേടിയെടുക്കുന്നതിന് നടപടി കൈക്കൊള്ളാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

.

എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങളും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ചുവടെച്ചേർക്കുന്നു.

| # | ഓഡിറ്റ് നിരീക്ഷണം | വിശദമായ റിപ്പോർട്ട് |
|---|---|---|
| a) | With respect to observations reported during the previous year 18-19; Project Asset Management Fund amounting Rs.35,31,912 and MGP Replication Project Fund amounting Rs 3,91,178 is still remaining utilized/unsettled. The amounts so remaining unutilised may be set apart for utilization for projects of similar nature or may be treated as income of the society as deemed appropriate by the Governing Council. | **<u>Project Asset Management</u>**<br>• Modernisation Government Programme (MGP) ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനാവശ്യമായ പരിശീലനത്തിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി ആകെ **159.30 ലക്ഷം രൂപ** Manager, PSP to MGP-GoK ൽ നിന്നും 2005 -06, 2006-07 എന്നീ സാമ്പത്തിക വർഷങ്ങളിലായി കിലക്ക് ലഭിക്കുകയുണ്ടായി.<br>• NSS Programme Officers മായി സഹകരിച്ച് 2006-07, 2007-08 വർഷങ്ങളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തി രജിസ്റ്റർ പൂർത്തീകരിക്കുകയും തുടർന്ന് 2008-09 വർഷത്തിൽ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിനാവശ്യമായ പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിക്കുകയുണ്ടായി. ടി പ്രവർത്തികൾക്കായി ആകെ **127.10 ലക്ഷം രൂപ** ചെലവ് വന്നിട്ടുണ്ട്.<br>• ബാക്കി തുക പലിശ സഹിതം **35.32 ലക്ഷം രൂപ** ബാങ്ക് അക്കൌണ്ടിൽ നിക്ഷേപമുണ്ട്. **ഓഡിറ്ററുടെ പരാമർശ പ്രകാരം ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.** |

| | | |
|---|---|---|
| | | **<u>MGP Replication Project</u>**<br>• 31/03/2006 ന് Joint Secretary MGP യിൽ നിന്നും **60 ലക്ഷം രൂപ** ലഭിക്കുകയും ടി പ്രോജക്ടിലേക്കായി **16.09 ലക്ഷം രൂപ** 2005-06 മുതൽ 2008-09 വരെയുള്ള സാമ്പത്തിക വർഷത്തിൽ ചെലവ് വന്നിട്ടുണ്ട്<br>• 2009-10 വർഷത്തിൽ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No 147/10/LSGD Dt 15-01-10 പ്രകാരവും 25/01/2010 ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും **40 ലക്ഷം രൂപ** Executive Director, Suchitwa Mission ന് 'documentation of innovative local projects social reality show' നടത്തിപ്പിലേക്കായി നൽകുകയുണ്ടായി. ടി പ്രോജക്ടിലേക്ക് ആകെ **56.09 ലക്ഷം രൂപ** ചെലവ് വന്നിട്ടുണ്ട്.<br>• ബാക്കി തുകയായ 3.91 ലക്ഷം രൂപ **ഓഡിറ്ററുടെ പരാമർശ പ്രകാരം ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാതൃകാ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.** |
| b) | With respect to Capital Work in Progress relating to buildings, an amount totalling to Rs.7,18,67,548 has been capitalized, during the current year under the head Fixed Assets, even though the final bill is not submitted by the contractors. The asset is put to use for a period more than 3 years. | **<u>Library Building</u>**<br>• ലൈബ്രറിക്കായി കെട്ടിടം നിർമ്മിക്കുന്നതിന് 2006 നവംബർ 10 ന് Costford തൃശ്ശൂരുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണം പൂർത്തീകരിച്ച് 2009 ഫെബ്രുവരി മാസത്തിൽ ഉദ്ഘാടനം നടത്തുകയും ചെയ്തു. Costford അന്തിമ ബില്ല് 2012 ഫെബ്രുവരിയിൽ |

| | | |
|---|---|---|
| | | സമർപ്പിച്ചിരുന്നു<br>• എന്നാൽ ടി കെട്ടിടത്തിന് Electrical Inspectorate ന്റെ അംഗീകാരത്തിനാവശ്യമായ രേഖകൾ Costford ൽ നിന്നും ലഭ്യമാക്കാത്തതിനെ തുടർന്ന് Electricat Inspectorate ന്റെ അംഗീകാരത്തിനാവശ്യമായ രേഖകൾ Consultant ന്റെ സഹായത്തോടെ കില തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുകയാണ് ഉണ്ടായത്.<br>• തുടർന്ന് അന്തിമ ബില്ലിലെ ബാക്കി തുകയായ **4.99 ലക്ഷം രൂപ** Costford ന് അനുവദിച്ച് നൽകിയിരുന്നില്ല. Costford ന്റെ ബാക്കി ബിൽ തുക അനുവദിച്ച് നൽകാതെ തീർപ്പാക്കിയതിനെ തുടർന്ന് ടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ചെലവായ **170.75 ലക്ഷം രൂപ** 'Capital Working progress' എന്ന ശീർഷകത്തിൽ നിന്ന് 'Building' എന്ന ശീർഷകത്തിലേക്ക് വകയിരുത്തിക്കൊണ്ട് 2019-20 സാമ്പത്തിക വർഷത്തിൽ Capitalize ചെയ്യുകയുണ്ടായി<br>**<u>SAS Centre - International Hostel</u>**<br>• 30/05/2009 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം 26 റൂമുകളും 4 സ്യൂട്ടുകളും കോൺഫറൻസ് ഹാൾ, ഡൈനിംഗ് ഹാൾ, കിച്ചൺ എന്നിവയോട് കൂടിയുള്ള ഒരു ഇന്റർ നാഷണൽ ഹോസ്റ്റൽ പണിയുന്നതിന് തീരുമാനിച്ചതിനെ തുടർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് CPWD യുമായി കരാറിൽ ഏർപ്പെട്ടതിനെത്തുടർന്ന് 2013 ൽ നിർമ്മാണം |

| | | |
|---|---|---|
| | | പൂർത്തീകരിച്ച്   ഉദ്ഘാടനം നടത്തുകയും ചെയ്തു.<br>• CPWD നിർമ്മാണവുമായി ബന്ധപ്പെട്ട അന്തിമ ബില്ലുകൾ സമർപ്പിച്ചെങ്കിലും ടി കെട്ടിടത്തിലെ ഇലക്ട്രിക്കൽ സംവിധാനത്തിലുള്ള ചെറിയ പോരായ്മകൾ പരിഹരിച്ച് തരുവാൻ കാലതാമസം നേരിട്ടതിനാൽ CPWD ന് നൽകിയ ബിൽ തുക 'Capital Working progress' എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത തുകയായ 541.21 ലക്ഷം രൂപ 'Building' എന്ന ശീർഷകത്തിലേക്ക് വകയിരുത്തിക്കൊണ്ട് 2019-20 സാമ്പത്തിക വർഷത്തിൽ Capitalize ചെയ്യുകയുണ്ടായി.<br><br>**Additional Floor above Administration Block-**<br>• അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ മുകളിൽ പുതുതായി നിർമ്മിച്ച നിലയുടെ False Ceiling പ്രവർത്തികൾക്കായി തൃശ്ശൂർ PWD (Building) Division നെ ചുമതലപ്പെടുത്തുകയും 2015 സെപ്തംബറിൽ **8.25 ലക്ഷം രൂപ** മുൻകൂർ നൽകുകയും ചെയ്തു. ആയതിന്റെ **6.72 ലക്ഷം രൂപ**യുടെ ചെലവ് വിവരം 2017 മാർച്ചിൽ സമർപ്പിച്ചിരുന്നു.<br>• ബാക്കി തുകയുടെ ചെലവ് വിവരങ്ങൾ PWD (Building) Division നിൽ നിന്ന് ലഭ്യമാക്കാത്തതിനെ തുടർന്ന് 'Capital Working progress' എന്ന ശീർഷകത്തിൽ വകയിരുത്തിയ 6.72 ലക്ഷം രൂപ 'Building' എന്ന |

<table>
<tr>
<td></td>
<td></td>
<td>ശീർഷകത്തിലേക്ക് വകയിരുത്തിക്കൊണ്ട് 2019-20 സാമ്പത്തിക വർഷത്തിൽ Capitalize ചെയ്യുകയുണ്ടായി.<br>
• തൃശ്ശൂർ PWD (Building) Division നിൽ നിന്നും ബാക്കി തുകയായ 1.53 ലക്ഷം രൂപ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.</td>
</tr>
<tr>
<td>c)</td>
<td>With respect to advances given by KILA for utilization, the following unsettled balances are still lying unsettled :-
<table>
<tr><th>TRANSFEREE</th><th>AMOUNT (RS)</th><th>YEAR OF TRANSFER</th></tr>
<tr><td>Municipality of Kannur</td><td>10,000</td><td>2009-10</td></tr>
<tr><td>Convenor, SLTC</td><td>26,283</td><td>2011-12</td></tr>
<tr><td>Dist.Conv. Kasargode (K.Balakrishnan)</td><td>53,682</td><td>2011-12</td></tr>
<tr><td>Director State Social Audit Cell</td><td>75,975.00</td><td>2013-14</td></tr>
</table>
Appropriate steps may be initiated to recover such amounts or for squaring up of such accounts.</td>
<td><u>Kannur Municipality :</u><br>
ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിലേക്ക് മുൻകൂറായി 2009 നവംബറിൽ 10,000 രൂപ കണ്ണൂർ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ തുക നൽകുകയും ആയത് തീർപ്പാക്കുന്നതിന് കത്തിടപാടുകൾ നടത്തിയെങ്കിലും തുക തീർപ്പാക്കിയിട്ടില്ല. ഇതിനെത്തുടർന്ന്. തുക തീർപ്പാക്കുന്നതിനായി കോർപ്പറേഷൻ സെക്രട്ടറിക്ക് വീണ്ടും കത്തയക്കുകയും നേരിട്ട് ബന്ധപ്പെട്ട് അടിയന്തിര നടപടി കൈക്കൊണ്ടിട്ടുണ്ട്.<br>
<u>Convenor, SLTC</u><br>
തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ ചെലവുകൾ കിലയിൽ നിന്ന് അനുവദിച്ചുകൊണ്ടുള്ള 27/03/2008 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ(ടി.ആർ)ഉ.നം. 921/08/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലേക്ക് കൺവീനർ, SLTC എന്ന പേരിൽ 2008-2011 കാലഘട്ടത്തിൽ മുൻകൂർ തുകയായി ചെക്കുകൾ നൽകുകയും ആയതിൽ ബാക്കി 26,283 രൂപ 2011 സെപ്റ്റംബർ മാസത്തിൽ തീർപ്പാക്കാനുണ്ട്. ഇതുമായി</td>
</tr>
</table>

| | | |
|---|---|---|
| | | ബന്ധപ്പെട്ട് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലേക്ക് കത്തിടപാടുകൾ നടത്തി വരുന്നുണ്ട്. ചീഫ് എൻജിനീയറുമായി നേരിട്ട് ബന്ധപ്പെട്ട് അടിയന്തിര നടപടി കൈക്കൊണ്ടിട്ടുണ്ട്.<br>**<u>District Convenor Kasargode</u>**<br><br>വിവിധ പരിശീലന പരിപാടികളുടെ നടത്തിപ്പിലേക്കായി പലതവണയായി മൊത്തം **1,24,000 രൂപ** 2010-11 സാമ്പത്തിക വർഷത്തിൽ കാസറഗോഡ് ജില്ലാ കൺവീനർക്ക് നൽകുകയുണ്ടായി. ആയതിലേക്ക് 59318 രൂപയുടെ ചെലവ് വിവരങ്ങൾ മുൻകൂർ തുകയിലേക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 53,682 രൂപയുടെ ചെലവ് വിവരങ്ങൾ കിലയിലേക്ക് അയച്ചുക്കൊണ്ടാണ് ബാക്കി തുക **11,000 രൂപ** കിലയിലേക്ക് തിരിച്ചടച്ചിട്ടുള്ളത് എന്നാണ് കൺവീനർ അറിയിച്ചിട്ടുള്ളത്. ബാക്കി തുകയായ 53682 രൂപയുടെ ചെലവ് വിവരങ്ങൾ കിലയിൽ ലഭിക്കാത്തതിനാൽ ടി തുക രേഖപ്പെടുത്തിയിട്ടില്ല. പകർപ്പുകൾ സമർപ്പിക്കുവാൻ കാസറഗോഡ് ജില്ലാ കൺവീനറോട് ആവശ്യപ്പെട്ടത് പ്രകാരം ചെലവ് വിവര പട്ടിക സമർച്ചിട്ടുണ്ട്. ആയത് പ്രകാരം തുക തീർപ്പാക്കുവാൻ സാധ്യമാകും.<br><br>**<u>Director State Social Audit Cell</u>**<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലേക്കായി 08/07/2011 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ |

| | | |
|---|---|---|
| | | സ.ഉ(സാധാ)നം 1637/2011/തസ്വഭവ പ്രകാരം 23,22,800 രൂപ സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ പേരിൽ മുൻകൂർ തുക അനുവദിച്ച് നല്കുകയുണ്ടായി. തുടർന്ന് **3,60,027 രൂപ**ക്കുള്ള ചെലവ് വിവരങ്ങൾ സമർപ്പിച്ചത് മുൻകൂർ തുകയിലേക്ക് രേഖപ്പെടുത്തുകയുണ്ടായി. ബാക്കി തുക തീർപ്പാക്കുന്നതിലേക്കായി 18,86,798 രൂപ (ചെക്ക് നം. 144692, തീയതി 16/11/2013)യുടേയും 75,975 രൂപ (ചെക്ക് നം. 504259, തീയതി 16/11/2013) യുടെ രണ്ട് ചെക്കുകൾ കിലയിലേക്ക് ലഭ്യമാക്കിയെങ്കിലും ബാങ്ക് അക്കൌണ്ടിൽ ബാലൻസ് അപര്യാപ്തമായതിനാൽ 75,975 രൂപ (ചെക്ക് നം. 504259, തീയതി 16/11/2013) യുടെ ചെക്ക് തുക മാറി കിട്ടിയില്ല. പ്രസ്തുത വിവരങ്ങൾ കാണിച്ചുകൊണ്ട് കിലയിൽ നിന്നും ടി ചെക്ക് സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ പേരിൽ തിരിച്ചയക്കുണ്ടായി. എന്നാൽ തുക നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഡയറക്ടറുമായി നേരിട്ട് ബന്ധപ്പെട്ട് അടിയന്തിര നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| d) | With respect to Tax Deducted at Source (TDS), in contraventions of the Income Tax Act, deductions are made only at the time of payments in lieu of either at the time of credit or payment whichever is earlier [S. 194C & 194J]. Moreover, TDS on salary is considered as pertaining to the year of payment and not as that for the year of accounting by the society. We are given to understand that in the case of employees, income tax liability is reckoned for 12 months to February instead of for the fiscal year and hence, such treatment for TDS, even though it is a deviation from the provisions of the Act. | മാർച്ച് മുതൽ ഫെബ്രുവരി വരെയുള്ള 12 മാസത്തെ ശമ്പളമാണ് ഓരോ സാമ്പത്തിക വർഷത്തിലും രേഖപ്പെടുത്തി വരുന്നത് എന്നതിനാൽ തന്നെ 12 മാസത്തെ Tax Deducted at Source (TDS) ഉം ബാധകമാക്കി വരുന്നുണ്ട്. ആയത് ഓഡിറ്റർക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. |

## 2019-20 സാമ്പത്തിക വർഷത്തിലെ വരവ് ചെലവുകളുടെ രത്നച്ചുരുക്കം

2019-20 സാമ്പത്തിക വർഷത്തിൽ കിലയുടെ ആകെ വരുമാനം 861.69 ലക്ഷം രൂപയും ആകെ ചെലവ് 1090.99 ലക്ഷം രൂപയുമാണ്. Depreciation തുകയായ 213.14 ലക്ഷം രൂപ അക്കൌണ്ട് ചെയ്യുന്നതിന് മുമ്പ് കിലയുടെ അധിക ചെലവ് 16.17 ലക്ഷം രൂപ ആയിരുന്നത് Depreciation അക്കൌണ്ട് ചെയ്തതിന് ശേഷം അധിക ചെലവ് 229.31 ലക്ഷം രൂപയായി. വിശദാംശം താഴെ ചേർക്കുന്നു .

| ഇനം | തുക ലക്ഷത്തിൽ |
|---|---|
| Total Income | 861.69 |
| Total expenditure before Depreciation | 877.86 |
| Excess of Expenditure over Income before depreciation | 16.17 |
| Depreciation | 213.14 |
| Total expenditure after Depreciation | 1090.99 |
| Excess of Expenditure over Income after depreciation | 229.31 |

**സർക്കാർ ധനസഹായം സംബന്ധിച്ച്**

1) 2019-20 സാമ്പത്തിക വർഷം കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) സംസ്ഥാന സർക്കാരിന്റെ 'Matching Contribution' ആയ 150 ലക്ഷം രൂപ ബജറ്റ് വിഹിതം ടി സാമ്പത്തിക വർഷത്തിൽ ലഭ്യമായില്ല. ആയതിന്റെ ആദ്യ ഗഡുവായി 73.74 ലക്ഷം രൂപ ജൂലൈ 2020 ൽ ലഭിച്ചതിനെ തുടർന്ന് രണ്ടാം ഗഡു അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായി 116.63 ലക്ഷം രൂപ ടി സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ട്.
2) 2019-20 സാമ്പത്തിക വർഷത്തിൽ കില നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് വിഹിതമായ 46.80 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 23.40 ലക്ഷം രൂപ 2020 ഫെബ്രുവരിയിൽ ലഭിച്ചതിനെ തുടർന്ന് രണ്ടാം ഗഡു അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചെങ്കിലും തുക ടി സാമ്പത്തിക വർഷം ലഭിച്ചിട്ടില്ല.

മേൽ പരാമർശിച്ച പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) സംസ്ഥാന സർക്കാരിന്റെ 'Matching Contribution' ആയി 150 ലക്ഷം രൂപയും കില ഗ്രാന്റ് ഇൻ എയ്ഡ് നോൺ പ്ലാൻ ശീർഷകത്തിലെ ബാക്കി തുകയായ 23.40 ലക്ഷം രൂപയും ചേർത്ത് ആകെ 173.40 ലക്ഷം രൂപ കിലയ്ക്ക്

ലഭ്യമായിരുന്നെങ്കിൽ ആകെ വരുമാനം 861.69 ലക്ഷം രൂപ എന്നത് 1035.09 ലക്ഷം രൂപ ആകുമായിരുന്നു. ആയതിനെ തുടർന്ന് അധിക ചെലവും കുറയുമായിരുന്നു.

3) മുൻ വർഷങ്ങളിലെ Capital Work in Progress എന്ന ശീർഷകത്തിൽ ഉണ്ടായിരുന്ന 718.68 ലക്ഷം രൂപ അതാത് ആസ്തികളിലേക്ക് അക്കൗണ്ട് ചെയ്തത് capitalize ചെയ്തതിനെ തുടർന്ന് 2019-20 സാമ്പത്തിക വർഷത്തിൽ Depreciation ഇനത്തിൽ 71.87 ലക്ഷം രൂപയുടെ അധിക ചെലവ് രേഖപ്പെടുത്തുകയുണ്ടായി.
4) 2018-19 സാമ്പത്തിക വർഷത്തിലെ പ്ലാൻ ധനസഹായ വിഹിതമായി 872.74 ലക്ഷം രൂപ 17/04/2019 ലെ സർക്കാർ ഉത്തരവ് പ്രകാരം 2515-00-003-99-36(P) Head of Account ൽ വകയിരുത്തിട്ടുള്ള (Docket No.118/2019) തുകയിൽ നിന്ന് 755.48 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള ഉത്തരവ് 15.03.2020 ന് ലഭ്യമായെങ്കിലും ടി തുക ടി സാമ്പത്തിക വർഷം കിലയ്ക്ക് ലഭിച്ചിട്ടില്ല. ആയത് മെയ് 2020 ൽ ആണ് കിലയുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളത്.
5) 2019-20 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായ പ്ലാൻ ധനസഹായം 3000 ലക്ഷം രൂപയിൽ 2740 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാവുകയും ആദ്യ ഗഡുവായി 803 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ടി വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കായി 1559.85 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കിലയിലെ വിവിധ പ്രോജക്ടുകളിൽ നിന്നും മുൻകൂർ തുകയെടുത്തത് കൂടാതെ വിവിധ ഏജൻസികൾക്ക് പരിശീലന സാമഗ്രികൾ വാങ്ങിയ വകയിലും പ്രിന്റ് ചെയ്ത വകയിലും പരിശീലനം നടത്തിയ വകയിലും ഈ ഇനത്തിൽ തുക നൽകുവാനുണ്ട്. രണ്ടാം ഗഡുവായി 925.5 ലക്ഷം രൂപ e.LAMS ൽ (Reg.13/2020) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായെങ്കിലും ടി തുക ടി സാമ്പത്തിക വർഷം കിലയ്ക്ക് ലഭിച്ചിട്ടില്ല. ആയതിൽ 885.72 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ( G.O (Rt) No.1823/2020/LSGD dated 06/10/2020 – Rs. 781.72 Lakh & G.O (Rt) No.2013/2020/LSGD dated 26/10/2020 – Rs. 104 Lakh ) ലഭിച്ചതിനെ തുടർന്ന് തുക കിലയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

## 2019-20 സാമ്പത്തിക വർഷത്തിലെ കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നച്ചുരുക്കം താഴെകൊടുക്കുന്നു

(തുക ലക്ഷത്തിൽ)

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase / (Decrease) compared to P.Y |
|---|---|---|---|---|
| | **INCOME:** | | | |
| **1** | **Income from training Programme** | **516.13** | **493.25** | **5%** |
| | **KILA HQ** | | | |
| | Administrative charges collected | 215.97 | 217.76 | |
| | Faculty and staff time | 12.83 | 5.51 | |
| | Course Fee collected (PGD Gender Local Governance & CFLG) | 0.44 | 1.59 | |
| | Room rent & rent training equipment's | 285.90 | 268.06 | |
| | **KILA Kottarakkara centre** | | | |
| | Administration Charges / Mess & Hoste Fee | 1.00 | 0.33 | |
| **2** | **By Grant from Government -Non Plan Fund** | **239.42** | **417.06** | **(43%)** |
| | **KILA HQ** | | | |
| | Non Plan Fund (Govt of Kerala) | 23.40 | 22.00 | |
| | **KILA Kottarakkara centre** | | | |
| | Recurring Grant (Govt of India) | 116.63 | 199.01 | |
| | Recurring Grant (Govt of Kerala) | 0.00 | 145.00 | |
| | Additional Grant for functioning of KILA CHRD | 50.00 | 0.00 | |
| | Development of Centres handed over to KILA | 49.39 | 51.05 | |
| **3** | **Interest from bank** | **68.04** | **87.03** | **(22%)** |
| | KILA HQ | 59.22 | 77.96 | |
| | KILA Kottarakkara centre | 8.82 | 9.07 | |
| **4** | **Other Income** | **38.10** | **113.46** | **(66%)** |
| | **KILA HQ** | | | |
| | Accredited Agencies-Processing Fee | 0.20 | 0.90 | |
| | Consultancy & other income | 17.44 | 17.32 | |
| | Fee for right information | 0.01 | 0.02 | |
| | Tender forms & Photostat charges | 4.44 | 6.61 | |
| | Income From Sale of Vehicle | 0.50 | 0.00 | |
| | Quarters rent | 2.65 | 2.42 | |
| | Rent EDII | 1.07 | 0.98 | |
| | **KILA Kottarakkara centre** | | | |
| | Miscellaneous Income | 11.34 | 84.95 | |
| | Cost of Tender Forms | 0.04 | 0.00 | |

| Sl No | Particulars | Current year 2019-20 | Previous year 2018-19 | % Increase / (Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | (Rs. in lakhs) | |
| | Sale of Scrap | 0.05 | 0.09 | |
| | Quarters Rent | 0.37 | 0.16 | |
| | **TOTAL INCOME** | **861.69** | **1110.79** | **(23 %)** |
| | **EXPENSES:** | | | |
| **1** | **Administration Expenses** | **652.36** | **716.68** | **(9%)** |
| | **KILA HQ** | | | |
| | Pay and Allowances | 411.70 | 458.88 | |
| | Travelling allowances | 4.33 | 4.99 | |
| | Advertisement expenses | 1.67 | 3.10 | |
| | Audit fee | 1.46 | 1.46 | |
| | Security service charges | 23.45 | 21.77 | |
| | Legal charges & Professional Charges | 0.58 | 0.55 | |
| | Housekeeping of SAS | 5.91 | 5.97 | |
| | Recruitment Expenses | 3.22 | 2.87 | |
| | **KILA Kottarakkara centre** | | | |
| | Salary & Allowances-Core Faculty | 66.41 | 84.62 | |
| | Salary & Allowances-Staff | 127.41 | 126.20 | |
| | Travelling Expenses-Staff | 1.07 | 0.90 | |
| | Subscriptions & Periodicals | 0.29 | 0.33 | |
| | Electricity & Water Supply Expenditure | 4.86 | 5.05 | |
| **2** | **Office Expenses** | **50.37** | **64.18** | **(21%)** |
| | **KILA HQ** | | | |
| | Maintenance - Vehicles | 3.74 | 6.48 | |
| | Electricity Charges | 19.95 | 23.32 | |
| | GC / EC Meeting Expenses | 0.24 | 0.60 | |
| | Postage ,Telephone & Internet charges | 3.75 | 9.22 | |
| | KILA Integration Expenses | 7.25 | 8.32 | |
| | Trivandrum Regional Centre Exps | 7.70 | 7.80 | |
| | **KILA Agali Centre** | | | |
| | Vehicle Maintenance- | 0.48 | 0.83 | |
| | Electricity Charges | 2.67 | 2.98 | |
| | Telephone Charges | 0.03 | 0.09 | |
| | **KILA Kottarakkara centre** | | | |
| | Postage and Courier Charge | 0.01 | 0.01 | |
| | Printing & Stationary | 1.27 | 2.22 | |
| | Telephone Charges | 0.12 | 0.18 | |
| | Advertisement Expenses | 2.99 | 1.81 | |
| | Miscellaneous Expenses | 0.17 | 0.32 | |
| **3** | **Training Expenses** | 95.38 | 87.85 | |

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase / (Decrease) compared to P.Y |
|---|---|---|---|---|
| | **KILA HQ** | | | |
| | Honorarium and T.A | 1.16 | 1.09 | |
| | KILA Journal | 0.79 | 0.59 | |
| | Printing and Stationary/Training Materials | 8.76 | 5.46 | |
| | Bed Sheet, Pillow Cover, Etc. | 0.00 | 2.96 | |
| | Washing Charges | 5.32 | 4.26 | |
| | Cable Connection Expenses | 2.86 | 1.39 | |
| | Mess expense | 15.34 | 12.40 | |
| | Photo & Recreation expense | 0.36 | 0.11 | |
| | Vehicle charges | 8.09 | 4.94 | |
| | Field Visit Expenses | 5.54 | 2.73 | |
| | **KILA Kottarakkara centre** | | | |
| | Honorarium and T.A | 5.90 | 18.87 | |
| | Stationary | 0.18 | 0.13 | |
| | Cable Connection Charges CHRD | 0.09 | 0.18 | |
| | Cleaning Expenses/ Washing charges – Hostel CHRD | 1.09 | 1.12 | |
| | Mess Expenses CHRD | 30.36 | 23.66 | |
| | Field Visit Expenses | 0.08 | 0.02 | |
| | Training Expenses -Programme Expenses | 9.47 | 7.94 | |
| **4** | **Other Expenses** | **79.74** | **110.64** | **(28%)** |
| | **KILA** | | | |
| | Bank Charges | 0.75 | 1.53 | |
| | Building Tax & water charges | 0.44 | 2.87 | |
| | Membership fee & Mementos | 0.06 | 0.59 | |
| | Newspaper and Periodicals | 1.67 | 4.01 | |
| | Repairs & Maintenance* | 13.50 | 50.41 | |
| | Uniform | 0.20 | 0.27 | |
| | Accredited Agencies Expenses | 0.28 | 0.69 | |
| | Exhibition | 4.45 | 2.42 | |
| | Inspection Fee | 0.27 | 0.89 | |
| | KILA Day Expenses | 0.65 | 0.73 | |
| | Covid 19 Expenses | 0.39 | 0.00 | |
| | KIIFB Project Expenses | 0.11 | 0.00 | |
| | **KILA Kottarakkara centre** | | | |
| | Fuel vehicle | 3.98 | 7.40 | |
| | Insurance Vehicle | 1.08 | 0.81 | |
| | Repair & maintenance Vehicle | 2.42 | 2.41 | |
| | Repair & maintenance Equipment's | 2.68 | 1.78 | |

| Sl No | Particulars | Current year 2019-20 | Previous year 2018-19 | % Increase / (Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | (Rs. in lakhs) | |
| | Repair & maintenance others | 2.25 | 2.02 | |
| | Repair & maintenance Building | 1.95 | 0.80 | |
| | **KILA Agali Centre** | | | |
| | Repair & maintenance | 9.73 | 4.56 | |
| | Daily Wage | 23.91 | 22.19 | |
| | Security Service Charges | 8.81 | 4.19 | |
| | News Paper & Periodicals | 0.16 | 0.08 | |
| | **TOTAL EXPENSES( before depreciation)** | **877.86** | **979.35** | **(10%)** |
| | **Excess of Expenditure over Income before depreciation/ (Income over expenditure before depreciation)** | **16.17** | **(131.44)** | |
| **5** | **Depreciation** | **213.14** | **124.26** | **71%** |
| **6** | **Excess of Expenditure over Income after depreciation/ (Income over expenditure before depreciation)** | **229.31** | **(7.19)** | |
| | **TOTAL** | **1090.99** | **1096.41** | |

**2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും (അനുബന്ധം -2) 14/10/2020 തീയതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടും ശുപാർശയോടും കൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**തീരുമാനം**

2019–20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ സംബന്ധിച്ച് കില ഡയറക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു

ഐറ്റം നമ്പർ :**4**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം – പ്രവർത്തികൾ സംബന്ധിച്ച റിപ്പോർട്ട് - സംബന്ധിച്ച്**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി 18/06/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ടി പ്രവർത്തികളുടെ നിർവ്വഹണത്തിനായിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) ആയി KITE നെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു.

24/07/2019 ന് ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിൽ 18/06/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN പ്രകാരമുള്ള 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തുകയും തുടർന്ന് 17/08/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 3302/2019-GEDN പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു

**പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU)**

SPV യുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി 30/01/2020 ലെ G.O (Ms) No. 24/2020/തസ്വഭവ ഉത്തരവ് പ്രകാരം Project Management Unit (PMU) രൂപീകരിച്ച് കൊണ്ടും PMU ന്റെ പ്രവർത്തനങ്ങൾക്കായി താത്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ആവശ്യാനുസരണം നിയമനം നടത്തുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും KIIFB പ്രോജക്ടിൽ നിന്നും കിലക്ക് ലഭിക്കുന്ന Centage Charge ൽ നിന്നാണ് PMU ന്റെ ചെലവുകൾ വഹിക്കേണ്ടത് എന്നും പ്രതിപാദിച്ചിട്ടുണ്ട്.

കിലയുടെ തിരുവനന്തപുരം റീജണൽ സെന്ററിൽ ആണ് KILA-KIIFB PMU ഓഫീസ് പ്രവർത്തിച്ച് വരുന്നത്. സർക്കാർ ഉത്തരവ് 05/05/2020 തീയതിയിലെ G.O (Rt) No.829/2020/LSGD, 11/05/2020 തീയതിയിലെ G.O (Rt) No.852/2020/LSGD എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ നിന്ന് ഡെപ്യൂട്ടേഷൻ

വ്യവസ്ഥയിൽ താഴെപ്പറയുന്ന തസ്തികകളിൽ 2020 മെയ് മാസത്തിൽ ജോലിയിൽ പ്രവേശിച്ചു.

| Name of Post in PMU | No. of Post | Cadre |
|---|---|---|
| ചീഫ് മാനേജർ (ടെക്നിക്കൽ) | 1 | Superintending Engineer |
| റീജണൽ മാനേജർ (ടെക്നിക്കൽ)) | 3 | Executive Engineer |
| മാനേജർ (ടെക്നിക്കൽ) | 3 | Assistant Executive Engineer |

സമയബന്ധിതമായി DPR കിഫ്ബിക്ക് സമർപ്പിക്കുന്നതിനായി PMU Unit ലേക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് റിട്ടയർ ചെയ്ത 2 പേരെ 30385/- രൂപ നിരക്കിൽ പ്രോജക്ട് അസിസ്റ്റന്റായും താൽക്കാലിക കരാറടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. 14 ജില്ലകളിലേക്കും ഓരോ എൻജിനീയറിംഗ് ബിരുദധാരികളെ വീതം പ്രോജക്ട് ഇന്റേണായി പ്രതിമാസം 24040/- രൂപ നിരക്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ASAP ൽ നിന്ന് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം നിയോഗിച്ചിട്ടുണ്ട് അതോടൊപ്പം പ്രോജക്ട് എൻജിനീയർ സിവിൽ (3 Nos) & പ്രോജക്ട് എൻജിനീയർ IT(1 No) എന്നീ താൽക്കാലിക തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ച് തുടർനടപടികൾ കൈക്കൊണ്ട് വരികയാണ്.

**സെന്റേജ് ചാർജ്ജ്**

07/08/2020 തീയതിയിലെ കിഫ്ബിയുടെ പ്രൊസീഡിംഗ്സ് നമ്പർ FA-5/Centage – KILA/07/2020/KIIFB പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 3,58,72,000 രൂപ centage ചാർജ്ജിന്റെ ആദ്യഗഡുവായി കിലക്ക് അനുവദിക്കുകയും TDS (7.5%) 22,80,000 രൂപ TDS കിഴിച്ച് ബാക്കി 3,35,92,000 രൂപ കിലയുടെ അക്കൌണ്ടിലേക്ക് 07/08/2020 തീയതിയിൽ ലഭ്യമാക്കിയിട്ടുള്ളതാണ്.

**സാങ്കേതികാനുമതി സമിതികൾ**

സ്കൂളുകളിലെ നവീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി 03/08/2020 തീയതിയിലെ G.O (Ms) No. 134/2020/GEDN പ്രകാരം സാങ്കേതികാനുമതി സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയുണ്ടായി

**പദ്ധതി നിർവ്വഹണം**

446 സ്കൂളുകളിൽ Feasible ആയിട്ടുള്ള 405 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 378 സ്കൂളുകളുടെ Technical Appraisal Report കിഫ്ബിയിൽ നിന്ന് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 378 സ്കൂളുകളുടെ റിവൈസ്ഡ് DPR കിഫ്ബിയിലേക്ക് അംഗീകാരത്തിനായി

സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 42 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം 29/07/2020 തീയതിയിൽ ലഭ്യമായിട്ടുണ്ട്. തുടർന്ന് 'സാങ്കേതികാനുമതി സമിതികൾ' 42 സ്കൂളുകൾക്ക് സാങ്കേതികാനുമതി നൽകുകയുണ്ടായി. സാങ്കേതികാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം (9 എണ്ണം), പത്തനംതിട്ട (2 എണ്ണം), പാലക്കാട് (31 എണ്ണം) എന്നീ ജില്ലകളിലായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 42 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിനെത്തുടർന്ന് 39 സ്കൂൾ (കൊല്ലം – (8), പത്തനംതിട്ട – (2), പാലക്കാട് – (29)) കെട്ടിടങ്ങളുടെ ടെണ്ടർ അംഗീകരിച്ച് തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 2 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ അംഗീകാരത്തിനായി KIIFB ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഒരെണ്ണത്തിന്റെ ടെണ്ടർ സാങ്കേതിക തകരാറുമൂലം ഓപ്പൺ ചെയ്യുവാൻ സാധിക്കാത്തതിനാൽ നടപടി സാധ്യമായിട്ടില്ല. ആയതിന്റെ തുടർനടപടികൾ നടന്ന് വരുന്നു. 336 സ്കൂളുകളുടെ DPR കൾ കൂടി അംഗീകരിച്ചിട്ടുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്.

മേൽ പ്രവർത്തനങ്ങൾ **ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു**

**തീരുമാനം**

**KIIFB** പ്രോജക്ടിന്റെ നടത്തിപ്പ് കിലയുടെ കീഴിൽ ഊർജ്ജസ്വലമായി നടന്നുവരുന്നതിൽ സംതൃപ്തി രേഖപ്പെടുത്തി.

**ഐറ്റം നമ്പർ :** 5

**കില പ്രവർത്തന റിപ്പോർട്ട് - 2020-21**

20**20**-21 **സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഒക്ടോബർ 25 തീയ്യതി വരെ കില നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം (അനുബന്ധം -3)** ഉള്ളടക്കം ചെയ്യുന്നു.

**തീരുമാനം**

1. കോവിഡ്-19 കാലഘട്ടത്തിലെ കിലയുടെ പ്രവർത്തനത്തിൽ അഭിനന്ദനാർഹമാണെന്ന് രേഖപ്പെടുത്തി.
2. പ്രാദേശിക സർക്കാരുകളുടെ നല്ല മാതൃകകൾ അവതരിപ്പിക്കുന്നതിനായി കില നടത്തിവരുന്ന കിലയുടെ 'ദേശീയ വെബിനാർ സീരിസ്' ദേശീയ അന്തർദേശീയ തലത്തിൽ വളരെയധികം ശ്രദ്ധയാകർഷിച്ചു. ഇത് പ്രശംസാർഹമാണ് എന്ന അഭിപ്രായം രേഖപ്പെടുത്തി
3. കില കൺസൾട്ടൻസിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയ പ്രവർത്തനം ഏറെ അഭിമാനകരമാണ് എന്ന് അഭിപ്രായപ്പെട്ടു.
4. കില നടത്തി വരുന്ന വെബ്ബിനാറുകൾ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നത് വരുംതലമുറക്ക് മുതൽക്കൂട്ടാകും എന്ന് അഭിപ്രായപ്പെട്ടു.
5. കോവിഡ് – 19 കാലഘട്ടത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സെന്ററിൽ നടത്തിവരുന്ന കാർഷിക പ്രവർത്തികൾ അഭിനന്ദാർഹമാണെന്ന് ബഹു. കൊട്ടാരക്കര നിയോജകമണ്ഡലം എം.എൽ.എ. ശ്രീമതി ആയിഷ പോറ്റി അഭിപ്രായപ്പെട്ടു. മറ്റു കേന്ദ്രങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടന്നു വരുന്നതിലുള്ള അഭിനന്ദനവും രേഖപ്പെടുത്തി.
6. കിലയുടെ പ്രവർത്തനം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചതിന് കില ഡയറക്ടർ ജനറലുടെ പങ്ക് അത്യന്തം അഭിനന്ദാർഹമാണ് എന്ന് അഭിപ്രായപ്പെട്ടു.
7. കിലയുടെ പ്രവർത്തനങ്ങളിൽ ബഹു. വടക്കാഞ്ചേരി എം.എൽ.എ. ശ്രീ. അനിൽ അക്കര അഭിനന്ദനം രേഖപ്പെടുത്തി.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്കായി നടത്തുന്ന പരിപാടികളിൽ മുൻ അസോസിയേഷനുകളുടേയും വിദഗ്ധരുടേയും പ്രവർത്തനം മുതൽക്കൂട്ടായിരിക്കണം എന്ന് അഭിപ്രായപ്പെട്ടു. പുതിയ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ അതാത് പരിശീലനാർത്ഥികളുടെ സ്ഥലം എം.എൽ.എ യെ കൂടി ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നത് സഹവർത്തിത്വം ഉണ്ടാക്കുന്നതിന് സഹായിക്കും.
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷനുകൾക്ക് കില നൽകിയ സേവനങ്ങൾക്ക് വിവിധ അസോസിയേഷൻ പ്രതിനിധികൾ നന്ദി

അറിയിച്ചു. അത് പോലെ കിലയുമായി ഏറെ സഹകരിച്ച അസോസിയേഷനുകൾക്ക് കില ഡയറക്ടർ ജനറൽ നന്ദി അറിയിച്ചു.

10. ഗവേണിംഗ് കൌൺസിൽ യോഗത്തിൽ കൊട്ടാരക്കര കേന്ദ്രം കിലയുടെ ഭാഗമായതിനാൽ സ്ഥലം എം.പി. ക്കും അംഗത്വം നൽകുന്നതിനായി ബഹു. എം.എൽ.എ ശ്രീ അനിൽ അക്കരയുടെ നിർദ്ദേശം നയപരമായ തീരുമാനം ആവശ്യമാണ് എന്ന് അഭിപ്രായപ്പെട്ടു.

യോഗം വൈകിട്ട് 03.35 ന് അവസാനിച്ചു.

ചെയർപേഴ്സൺ
ശ്രീ. എ.സി. മൊയ്തീൻ
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി